## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5605

04.07.2013 ൽ മറുപടിക്ക്

### ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശാസ്ത്രിയ മാലിന്യ സംസ്കരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പാലോട് രവി**<br>**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് മാലിന്യ സംസ്ക്കരണത്തിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇതിൽ കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ സംസ്ക്കരണ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും യോജിച്ചു നടപ്പാക്കിവരികയാണ്. |
| ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളും പ്രാന്തപ്രദേശങ്ങളും മാലിന്യമുക്തമാക്കുകയും സന്ദർശകർക്ക് ആരോഗ്യപരമായ നവ്യാനുഭവം പ്രദാനം ചെയ്യുകയുമാണ് ഉദ്ദേശിക്കുന്നത്. |
| സി) ഇതിന്റെ നടത്തിപ്പിൽ ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ ? | സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**